15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 572 09-08-2023 - ൽ മറുപടിയ്ക്ക്

ജി.എസ്.ടി യും സാമ്പത്തിക പ്രതിസന്ധിയും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പായ്ക്ക് ചെയ്തു വിൽക്കുന്നതുൾപ്പെടെയുള്ള എല്ലാ ഉൽപ്പന്നങ്ങളെയും ക്രമേണ ജി.എസ്.ടി പരിധിയിലാക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് മൂലം സംസ്ഥാനത്തിനുണ്ടാകുന്ന സമ്പദ് വ്യവസ്ഥയിലെ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | "യൂണിറ്റ് കണ്ടെയ്നറിൽ പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ബ്രാൻഡ് നെയിം ഉള്ളതുമായ നിർദിഷ്ട സാധനങ്ങൾ" ക്ക് നേരത്തെ തന്നെ 5 ശതമാനം ജി.എസ്.ടി. ബാധകമായിരുന്നു. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനങ്ങൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ചരക്കുകളുടെയും സേവനങ്ങളുടെയും ജി.എസ്.ടി. നിരക്ക് പരിശോധിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമായി രൂപീകരിച്ച ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് സമർപ്പിച്ച ഭാഗിക റിപ്പോർട്ടിലെ ശിപാർശ പ്രകാരം നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഇത് "2019 ലെ ലീഗൽ മെട്രോളജി നിയമത്തിലെ വകുപ്പ് 2 ലെ ക്ലോസ് (എൽ) പ്രകാരം മുൻകൂറായി പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ലേബൽ ചെയ്തിട്ടുള്ളതുമായ നിർദിഷ്ട സാധനങ്ങൾ" എന്നാക്കി മാറ്റി. 18.07.2022 മുതൽ ഇത് പ്രാബല്യത്തിൽ വന്നു. ഇത് സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്തവ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനു മുകളിലും ഉള്ള പായ്ക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പായ്ക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് ഇത്തരം സാധനങ്ങൾ തൂക്കി നൽകുമ്പോഴും ജി.എസ്.ടി. ബാധകമാവുകയില്ല. കൂടാതെ എസ്.ജി.എസ്.ടി. നിയമം സെക്ഷൻ 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള വില്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. |

| | | | |
|---|---|---|---|
| | | | ഇവർ നികുതി പിരിക്കേണ്ടതുമില്ല. എസ്.ജി.എസ്.ടി. നിയമം സെക്ഷൻ 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതേപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ വകുപ്പിന് ജി.എസ്.ടി. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത നടപടി മൂലമാണ് സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയും വിലക്കയറ്റവും ഉണ്ടാകുന്നതെന്ന് കരുതുന്നുണ്ടോ; വിശാദാംശം ലഭ്യമാക്കുമോ; | (ബി) | "യൂണിറ്റ് കണ്ടെയ്നറിൽ പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ബ്രാൻഡ് നെയിം ഉള്ളതുമായ നിർദിഷ്ട സാധനങ്ങൾ" ക്ക് നേരത്തെ തന്നെ 5 ശതമാനം ജി.എസ്.ടി. ബാധകമായിരുന്നു. പല ബ്രാൻഡഡ് കമ്പനികളും ബ്രാൻഡഡ് സാധനങ്ങൾക്കുള്ള നികുതി അടയ്ക്കാതെ ഡിക്ലറേഷൻ എഴുതി നികുതി ഒഴിവ് ദുരുപയോഗം ചെയ്ത് വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ചരക്കുകളുടെയും സേവനങ്ങളുടെയും ജി.എസ്.ടി. നിരക്ക് പരിശോധിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമായി രൂപീകരിച്ച ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് സമർപ്പിച്ച ഭാഗിക റിപ്പോർട്ടിലെ ശിപാർശ പ്രകാരം നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഇത് "2019 ലെ ലീഗൽ മെട്രോളജി നിയമത്തിലെ വകുപ്പ് 2 ലെ ക്ലോസ് (എൽ) പ്രകാരം മുൻകൂറായി പായ്ക്ക് ചെയ്യപ്പെട്ടിട്ടുള്ളതും ലേബൽ ചെയ്തിട്ടുള്ളതുമായ നിർദിഷ്ട സാധനങ്ങൾ" എന്നാക്കി മാറ്റി. 18.07.2022 മുതൽ ഇത് പ്രാബല്യത്തിൽ വന്നു. ഇത് സാധാരണക്കാരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. സാധാരണയായി മില്ലുടമകൾ മൊത്തവ്യാപാരികൾക്കും മൊത്തവ്യാപാരികൾ ചില്ലറ വില്പനക്കാർക്കും അരി ഉൾപ്പെടെയുള്ള ധാന്യങ്ങൾ നൽകുന്നത് 50 കിലോയും അതിനു മുകളിലും ഉള്ള പായ്ക്കറ്റുകൾ ആയിട്ടാണ്. അതിന് ജി.എസ്.ടി. ബാധകമാവുകയില്ല. ചില്ലറ വ്യാപാരികൾ ഇത്തരം പായ്ക്കറ്റുകളിൽ നിന്ന് ലൂസ് ആയി സാധാരണക്കാർക്ക് ഇത്തരം സാധനങ്ങൾ തൂക്കി നൽകുമ്പോഴും ജി.എസ്.ടി. ബാധകമാവുകയില്ല. കൂടാതെ എസ്.ജി.എസ്.ടി. നിയമം സെക്ഷൻ 22 പ്രകാരം പ്രതിവർഷം 40 ലക്ഷം രൂപ വരെ വിറ്റുവരവുള്ള |

| | | | |
|---|---|---|---|
| | | | വില്പനക്കാർ രജിസ്ട്രേഷൻ എടുക്കേണ്ട കാര്യമില്ല. ഇവർ നികുതി പിരിക്കേണ്ടതുമില്ല. എസ്.ജി.എസ്.ടി. നിയമം സെക്ഷൻ 10 പ്രകാരം പ്രതിവർഷം 1.5 കോടി രൂപ വരെ വിറ്റുവരവുള്ള നികുതിദായകർക്ക് കോമ്പോസിഷൻ സ്കീമിന്റെ സൗകര്യം നൽകുന്നു. ഇത്തരത്തിലുള്ള ഏകദേശം 50,000 കടകൾ കേരളത്തിലുണ്ട്. ഈ രണ്ട് വിഭാഗങ്ങളും ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവ ആണ്. ഇവർ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കേണ്ടതില്ല. ഇതേപോലെ ഉപഭോക്താവിന്റെ സാന്നിധ്യത്തിൽ അരി പായ്ക്ക് ചെയ്യുന്ന സ്ഥാപനങ്ങളും നികുതി ഈടാക്കാൻ പാടില്ല. ഈ വിഭാഗത്തിൽപ്പെട്ടവർ നികുതി പിരിക്കുന്നതായി കണ്ടെത്തിയാൽ വകുപ്പിന് ജി.എസ്.ടി. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത കേന്ദ്ര സർക്കാർ നയങ്ങളിൽ മാറ്റം വരുത്തുവാനും ഒപ്പം വിലക്കയറ്റം തടയുവാനും ഏന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം സപ്ലൈകോ വഴി വിറ്റഴിക്കുന്ന 13 ഇനം സബ്സിഡി സാധനങ്ങളുടെ വില 2016 മെയ് മാസം മുതൽ വർദ്ധിപ്പിച്ചിട്ടില്ല. നോൺ സബ്സിഡിയിൽ വിൽക്കുന്ന മറ്റ് അവശ്യ സാധനങ്ങൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോയിൽ വില്പന നടത്തുന്നത്. |

സെക്ഷൻ ഓഫീസർ